# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2321 08.07.2015 - ൽ മറുപടിയ്ക്ക്

### അണക്കെട്ടുകളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസേചനത്തിനുപയോഗിക്കുന്ന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ; എങ്കിൽ അവസാനം നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന; കേരള ഡാം സുരക്ഷാ-അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) കാലാകാലങ്ങളിൽ നടത്താറുണ്ട്. കേരള ഡാം സുരക്ഷാ അതോറിറ്റി (KDSA) 25.05.2015-ൽ തെന്മല പരപ്പാർ ഡാമിൽ പരിശോധന നടത്തുകയും തെന്മല ഡാമിന്റെ അപ്സ്ട്രീം പ്രതലത്തിൽ കണ്ടെത്തിയ ദ്വാരങ്ങൾ അടയ്ക്കുന്നതിനും അടിയന്തര പ്രാധാന്യം നൽകി ചെയ്യേണ്ട അറ്റകുറ്റ പണികൾ എറണാകുളം ആസ്ഥാനമായിട്ടുള്ള അക്വാസ്പേസ് ഡൈവിംഗ് സർവ്വീസസ് എന്ന സ്ഥാപനം മുഖേന നടത്തുന്നതിനും കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഡാം സേഫ്റ്റി ഓർഗനൈസേഷൻ 11.03.2015, 12.03.2015 എന്നീ തീയ്യതികളിലായി കാരാപ്പുഴ - കുറ്റ്യാടി എന്നീ ഡാമുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.<br>ഡാം സേഫ്റ്റി ഓർഗനൈസേഷൻ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കാരാപ്പുഴ |

- കുറ്റ്യാടി ഡാമുകളിലെ ശോചനീയമായ അവസ്ഥയും ശരിയായ മേൽനോട്ടത്തിന്റെ അഭാവവും ചൂണ്ടിക്കാട്ടുകയും പ്രശ്നപരിഹാരത്തിന് അടിയന്തരമായി ചെയ്യേണ്ടുന്ന നടപടികൾ ഏതൊക്കെയെന്ന് കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പരിശോധന നടത്തുന്ന വിദഗ്ധസമിതിയുടെ ഘടന എപ്രകാരമാണ്;

(ബി) കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ഘടന സംബന്ധിച്ച വ്യവസ്ഥകൾ "The Kerala Irrigation and Water Conservation Act" - ലെ **സെക്ഷൻ 58-ൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഘടന സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം 1-ൽ വിശദീകരിച്ചിട്ടുണ്ട്)**

ജലസേചന വകുപ്പിന്റെ കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും,ഡാം സേഫ്റ്റി ഓർഗനൈസേഷനും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്, സി.ഡബ്ല്യൂ.സി. മുൻ ചെയർമാൻ ശ്രീ. ആർ. സി. ഝാ ചെയർമാനായ ഡാം സേഫ്റ്റി റിവ്യൂ പാനലിൽ ശ്രീ. ബി. എം. ഉപാധ്യായ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി സി.ഡബ്ല്യൂ.സി.) ശ്രീ. ടി. പി. സിംഗ് (ചീഫ് എഞ്ചിനീയർ, (റിട്ടയേർഡ്) ഡിസൈൻസ് സി.ഡബ്ല്യൂ.സി.), ശ്രീ. എസ്സ്. ആർ. ടോളി (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യൂ.സി.), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ടയേർഡ്), ശ്രീ. രാജഗോപാലൻ (റിട്ടയേർഡ് ഡയറക്ടർ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം. കെ. പരമേശ്വരൻ നായർ (മെമ്പർ (റിട്ടയേർഡ്), സിവിൽ, കെ. എസ്. ഇ. ബി.) എന്നിവർ അംഗങ്ങളാണ്. ഐ. ഡി. ആർ. ബി. ചീഫ് എഞ്ചിനീയർ ചെയർമാനായ ഡാം സേഫ്റ്റി ഓർഗനൈസേഷനിൽ ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ് - 1), ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ് - 2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഐ. ഡി. ആർ. ബി. ഡയറക്ടർ എന്നിവർ

മെമ്പർമാരും ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി (ഐ. ഡി. ആർ. ബി.) കൺവീനറുമാണ്.

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിംങ്ങോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) നടത്തിയിട്ടുളള സുരക്ഷാപരിശോധനകളിൽ ഡീ കമ്മീഷനിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ പുനരുദ്ധാരണത്തിനും, അറ്റകുറ്റപണികൾക്കും, നവീകരണപ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

(ഡി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റേയും വൈദ്യുതി ബോർഡിന്റേയും നിയന്ത്രണത്തിലുളള അണക്കെട്ടുകൾ/ബാരേജുകൾ/റഗുലേറ്ററുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) നടപ്പിലാക്കി വരുന്നു. സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക് വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80%. ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുളള International Development Association (IDA), International Bank for Reconstruction and Development (IBRD) എന്നീ ഏജൻസികൾ മുഖേന 50:50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ ലഭ്യമാക്കുന്നത്. സങ്കീർണ്ണമായ പുന:രുദ്ധാരണ പ്രവർത്തനങ്ങളുടെ മേൽ നോട്ടവും ലോകബാങ്ക് വഹിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-ഒന്ന് (1)

58. *Composition of the Authority.*—(1) The authority shall consist of the following members, namely:—

(a) a retired Judge of the High Court who shall be the Chairman of the authority;

(b) the Secretary to Government, Water Resources Department; ex-officio;

(c) the Chief Engineer, Investigation and Design and two other Chief Engineers of the Water Resources Department to be nominated by the Government; ex-officio;

(d) the Chief Engineer, Central Water Commission, nominated by the Government;

(e) the Chief Engineer (Civil), The Kerala State Electricity Board;

(f) the Chairman, Kerala State Pollution Control Board; ex-officio;

(g) two experts in the field of conservation of water resources and dams to be nominated by the Government;

(h) an eminent geologist, nominated by the Government;

(i) the Director of Centre for Earth Science Studies (CESS); ex-officio;

(j) the Principal Chief Conservator of Forests; ex-officio.

(2) The Chief Engineer, Investigation and Design shall be the Member Secretary of the Authority.

(3) The term of office and other conditions of service of the members shall be such as may be prescribed.

True copy

[signature]

Section Officer